പാലക്കാട് നിലങ്ങൾ എന്നിവയുടെ മണ്ണു ഫലഭൂയിഷ്ടത പരിശോധന പദ്ധതി, കാർഷിക സർവ്വകലാശാല മുഖാന്തിരം കൃഷി വിജ്ഞാന കേന്ദ്രങ്ങളിലൂടെയും നെൽകർഷകരുടെ കൃഷിയിടങ്ങളിലൂടെയും നെൽകൃഷി മേഖലയിലെ ഉൽപ്പാദന വർദ്ധനവ് കണക്കാക്കൽ, സാമ്പത്തിക സ്ഥിതിവിവര വകുപ്പ് വഴി നെല്ലിന്റെ ഉല്പാദനക്ഷമത കണക്കാക്കൽ, ബോധവൽക്കരണവും പ്രചാരണവും എന്നീ കർമ്മ പരിപാടികളാണ് നടപ്പിലാക്കിവരുന്നത്.

"(ഡി) നിലവിൽ നെല്ല് സംഭരണം സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കിവരുന്നത്.

(ഇ) 2009-10-ലെ ഭക്ഷ്യസുരക്ഷാ പദ്ധതി സംസ്ഥാനമൊട്ടാകെയുള്ള നെൽകൃഷി പ്രദേശങ്ങളെ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. ഈ വർഷവും പ്രസ്തുത പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ നിരോധനം

208 (4276) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനിതകമാറ്റം വരുത്തിയ വിത്തുകൾ കേരളത്തിൽ പ്രചരിക്കുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനകം ഏതെങ്കിലും ജനിതകമാറ്റം വരുത്തിയ വിത്തുകൾ നിരോധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം

(എ) ജനിതകമാറ്റം വരുത്തിയ വിത്തുകൾ കേരളത്തിൽ കൃഷി ചെയ്യുവാൻ അനുവദിക്കേണ്ട എന്നതാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന നയം. ഇതിന്റെ ഭാഗമായി ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഉപയോഗിക്കുന്നതുകൊണ്ട് ഉണ്ടാകാവുന്ന ദോഷഫലങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തിന്റെ ഈ തീരുമാനം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ ആവശ്യം കൂടി പരിഗണിച്ച് ജനിതകമാറ്റം വരുത്തിയ ബി.ടി. വഴുതന വിത്തുകൾക്ക് അനുമതി നിഷേധിച്ച് കേന്ദ്രം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിന്റെ കാർഷിക മേഖലയെ 'ജനിതകമുക്ത' സംസ്ഥാനമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly